ശ്രീ. സി. കെ. ബാലകൃഷ്ണൻ : ഈ ലിസ്റ്റിൽ 27 പോസ്റ്റിൽ 14 എണ്ണം മാത്രമേ നിയമിച്ചുകാണുന്നുള്ളു. അതായതു ഡിപ്പാർട്ടുമെൻറിൽ നിന്നാണു് യോഗ്യതകൂടി നിശ്ചയിക്കുന്നതു്. ഇങ്ങനെ യോഗ്യതകൂടി നിശ്ചയിക്കുന്നതുകൊണ്ടു് പ്രമോഷൻ കിട്ടേണ്ടവർക്കു് അതു കിട്ടാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടു്. അതുകൊണ്ടു് ഡിപ്പാർട്ടുമെൻറു വയ്ക്കുന്ന യോഗ്യതകൂടി ഗസറ്റഡ് റാങ്കിലേക്കു് പട്ടികജാതിക്കാർക്കെങ്കിലും കുറവുചെയ്യാൻ ഗവണ്മെൻറു് പരിഗണിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ചോദ്യം മനസ്സിലായില്ല.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : ഷെഡ്യൂൾഡ് കാസ്റ്റിനെങ്കിലും കാളി ഫിക്കേഷൻ പ്രിസ്ക്രൈബുചെയ്യാൻ നടപടികളെടുക്കുമോ ?

ശ്രീ. ആർ. ശങ്കർ : പ്രിസ്ക്രൈബു് ചെയ്തിട്ടുണ്ടു്.

ശ്രീ. ഇ. പി. ഗോപാലൻ : ഈ ശതമാനത്തോതു് ഉദ്യോഗത്തിൻെറ കാര്യത്തിൽ നിശ്ചയിച്ചുകഴിഞ്ഞതാണു്. ചില പ്രത്യേക ഘട്ടത്തിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരിൽ വേണ്ടുന്നത്ര നിശ്ചിത യോഗ്യതകൂടി ഉള്ള ആളുകൂടി ഇല്ലാതെവരുന്ന അവസരത്തിൽ, അവക്കു് അർഹതപ്പെട്ടതു് എത്രയാണു് കിട്ടിയിട്ടില്ലാത്തതെന്നു് പരിശോധിച്ചു് മറെറാരവസരത്തിൽ, ആവശ്യത്തിനോ, അതിലധികമോ ഉദ്യോഗങ്ങൾ ഉണ്ടാവുന്ന അവസരത്തിലെങ്കിലും നികത്തിക്കൊടുക്കാനുള്ള നടപടികൂടി സ്വീകരിക്കാറുണ്ടോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെയുള്ള ഒരു നടപടിയുണ്ടു്. ഒരു പ്രാവശ്യം ആവശ്യമുള്ള യോഗ്യതയുള്ളവരില്ലെങ്കിൽ പിന്നീടു് റിക്രൂട്ടുമെൻറു് നടത്തുമ്പോൾ അവക്കു് നിയമനം കൊടുക്കുന്ന ഒരു വ്യവസ്ഥ നിലവിലുണ്ടായിരുന്നു. എന്നാൽ അങ്ങനെ വ്യവസ്ഥ ചെയ്യുന്നതു് തെറാണെന്നു് വിധിയുണ്ടായിട്ടുണ്ടു്, അതുകൊണ്ടു് അതു് പരിശോധിച്ചുചെയ്യാം.

ശ്രീ. എം. നാരായണക്കുറുപ്പു് : പട്ടികജാതി, ഗോത്രവർഗക്കാർക്കു നീക്കിവച്ച സ്ഥാനങ്ങളിൽ യോഗ്യതയുള്ളവർ ഇല്ലാത്തതുകൊണ്ടു് ഏതെങ്കിലും സ്ഥാനങ്ങൾ നികത്താൻ സാധിച്ചിട്ടില്ലെങ്കിൽ അതിലേക്കു് പിന്നെ എവിടെ നിന്നാണു് സ്ഥാനാർത്ഥികളെ എടുത്തു നിയമിക്കുന്നതു് ; അതു് പൊതുവിൽ അനുവദിക്കാമോ, അതോ മറു പിന്നോക്കസമുദായക്കാരിൽ നിന്നാണോ നിയമിക്കുന്നതു് ?

ശ്രീ. ആർ. ശങ്കർ : പൊതുവിൽനിന്നാണു്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : സാധാരണ കാളിഫിക്കേഷനുള്ള ആളുകൂടി പട്ടികജാതിക്കാരിൽ ഇല്ലാത്തതുകൊണ്ടു് അവരെ സംബന്ധിച്ചെങ്കിലും കാളിഫിക്കേഷനിൽ അയവു വരുത്തുവാൻ ഗവണ്മെൻറു് ആലോചിക്കുമോ ?

ശ്രീ. ആർ. ശങ്കർ : മിനിമം കാളിഫിക്കേഷനിൽ അയവുവരുത്തുക സാദ്ധ്യമല്ല.

ഓയിൽ റിഫൈനറി, എച്ചു്. എം. ടി. ഫാക്ടറികൾക്കുവേണ്ടി അക്വയർചെയ്ത സ്ഥലം

* 371. [2] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓയിൽ റിഫൈനറി, എച്ചു്. എം. ടി. ഫാക്ടറികൾക്കുവേണ്ടി എത്ര സ്ഥലം അക്വയർചെയ്തുകഴിഞ്ഞു ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര കുടുംബങ്ങളെ ഇതിനുവേണ്ടി ഒഴിപ്പിക്കുകയുണ്ടായി ; അവക്ക് നൽകിയ പ്രതിഫലസംഖ്യ എത്ര ;

(സി) ഇവരെ പുനരധിവസിപ്പിക്കാൻ എന്തു നടപടികളും കൈക്കൊണ്ടിട്ടുണ്ട് ;

(ഡി) ഭൂമി വിട്ടുതന്ന എത്രപേർക്ക് പ്രതിഫലം നൽകാനുണ്ട് ; അതു നൽകാൻ എന്തു നടപടികളും കൈക്കൊണ്ടിട്ടുണ്ട് ;

(ഇ) പ്രസ്തുത ഫാക്"റ്ററികളിലേക്ക" ഉള്ള റോഡുകളുടെ വികസനത്തിന് എത്ര കുടുംബങ്ങളെ ഒഴിപ്പിക്കേണ്ടതായി വരുമെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(എഫ്) എച്ച്. എം. ടി.-യിലേക്കുള്ള റോഡിന്റെ വികസനത്തിനു സ്ഥലമെടുക്കാനാലോചനയുണ്ടോ ; ഉണ്ടെങ്കിൽ എവിടെ എത്ര സ്ഥലമെന്നു വ്യക്തമാക്കുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) എച്ച്, എം. ടി.-ക്കുവേണ്ടി 141 ഏക്കർ 59 സെന്റ് 433 ചതുരശ്ര ലിങ്ക്സ് സ്ഥലം അക്വയർചെയ്തുകഴിഞ്ഞു. ഓയിൽ റിഫൈനറിക്കു വേണ്ടി സ്ഥലം അക്വയർചെയ്തുകഴിഞ്ഞിട്ടില്ല. എന്നാൽ 200 ഏക്കറോളം ഭൂമി വസ്തുഉടമകളുടെ സമ്മതത്തോടുകൂടി ഓയിൽ റിഫൈനറിക്കുവേണ്ടി ഗവണ്മെന്റ് കൈവശപ്പെടുത്തിയിട്ടുണ്ട്.

(ബി) എച്ച്. എം. ടി. ക്കു സ്ഥലമെടുത്തതിൽ 13 കുടുംബങ്ങളെ ഒഴിച്ചിട്ടുണ്ട്. അവർക്ക് ഇതുവരെ 62293 രൂപ 23 നയാപൈസ പ്രതിഫലം കൊടുത്തിട്ടുണ്ട്. ഓയിൽ റിഫൈനറിക്കുവേണ്ടി ഒരു കുടുംബത്തിയും ഇതുവരെ ഒഴിപ്പിക്കപ്പെട്ടിട്ടില്ല.

(സി) കുടിഒഴിപ്പിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികളൊന്നും ആയിട്ടില്ല.

(ഡി) എച്ച്. എം. ടി. ക്കു വേണ്ടി ഭൂമി അഡ്വാൻസായി തന്നവരിൽ ഉദ്ദേശം 120 പേർക്ക് ഇനിയും പ്രതിഫലം നൽകാനുണ്ട്. സംഖ്യ കൈപ്പറ്റുന്നതിന് അവർക്ക് നോട്ടീസ് കൊടുത്തിട്ടുണ്ട്.

ഓയിൽ റിഫൈനറിക്കുവേണ്ടി കൈവശപ്പെടുത്തിയ സ്ഥലത്തിനു പ്രതിഫലം നൽകാനുള്ള നടപടികളും ദ്രുതഗതിയിൽ നടന്നുവരുന്നു.

(ഇ) എച്ച്. എം. ടി. ഫാക്റ്ററിക്കുവേണ്ടി ഒരു റോഡു മാത്രമേ വികസനത്തിൽ ഉൾപ്പെടുന്നുള്ളൂ. ഇതിന് രണ്ടു കുടുംബങ്ങളെ ഒഴിപ്പിക്കേണ്ടതായി വന്നിട്ടുണ്ട്. ഓയിൽ റിഫൈനറിക്കുവേണ്ടി റോഡുകളുടെ വികസനത്തിനു എത്ര വീടുകളും ഒഴിപ്പിക്കേണ്ടി വരുമെന്നു തിട്ടപ്പെടുത്തിയിട്ടില്ല. റോഡുകളുടെ പ്ലാൻ തയ്യാറായിവരുന്നതേയുള്ളൂ.

(എഫ്) ഇപ്പോൾ എച്ച്. എം. ടി. ഫാക്റ്ററിക്കുവേണ്ടി ഒരു റോഡു മാത്രമേയുള്ളൂ. അതിന് 1 ഏക്കർ 6 സെന്റ് 969 ചതുരശ്രലിങ്ക്സ് പട്ടയഭൂമി ആവശ്യമുണ്ട്. അതു കളമശ്ശേരിയിൽ നാഷനൽ ഹൈവേയിൽനിന്നും കിഴക്കോട്ടു പോകുന്ന റോഡിൽ 10 കെ. വി. സബ് സ്റ്റേഷൻവരെയാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഓയിൽ റിഫൈനറിക്കുവേണ്ടി എടുത്ത സ്ഥലത്തുള്ള കുടുംബങ്ങളോടു് ഉടൻതന്നെ ഒഴിഞ്ഞുപോകണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ട്. അവർക്ക് നിശ്ചിത പ്രതിഫലസംഖ്യ കൊടുക്കാൻ നിയമപ്രകാരം നടപടികളും എടുക്കേണ്ടതുണ്ട്. ഇങ്ങനെ അവർക്ക് പ്രതിഫലം കൊടുക്കാത്തതുകൊണ്ട് വളരെ പ്രയാസങ്ങളുണ്ട്. ഇങ്ങനെയുള്ളവരുടെപേരിൽ ഈ നടപടി കഴിയുന്നത്ര ത്വരിതപ്പെടുത്താനുള്ള ഏർപ്പാടുകളും ചെയ്യുമോ; അവിടെത്തന്നെയുള്ള 28 ഏക്കർ റവന്യൂഭൂമി ഇവരുടെ പുനരധിവാസത്തിനുവേണ്ടി കൊടുക്കാൻ നടപടികളും എടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ദാമോദരമേനോൻ : ഞാൻ ഇതിനുത്തരമായി പറഞ്ഞതു് സംഖ്യ കൈപ്പറ്റുന്നതിനു് നോട്ടീസു് കൊടുത്തിട്ടുണ്ടെന്നാണു്. അവർ വന്നു വാങ്ങുകയേ വേണ്ടൂ. മറ്റേ കാര്യത്തെപ്പറ്റി ഇപ്പോഴും ഒന്നും പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : ഓയിൽ റിഫൈനറിക്കു വേണ്ട സ്ഥലമെടുപ്പു പൂർത്തിയാകാതെ ഈ ഫാക്ടറിക്കും കെട്ടിടം നിർമ്മിക്കാൻ സാദ്ധ്യമാവുകയില്ലെന്നു് അതുമായി ബന്ധപ്പെട്ട അമേരിക്കൻ വിദഗ്ദ്ധന്മാരുടെ അഭിപ്രായം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ത്വരിതഗതിയിൽ അതിനാവശ്യമായ മുഴുവൻ ഭൂമിയും കൈവശപ്പെടുത്തിക്കൊടുക്കാൻ നടപടികളെടുക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇങ്ങനെയുള്ള ഒരു റിപ്പോർട്ടു് പത്രത്തിൽ കണ്ടു. ഞാൻ ചോദ്യത്തിന്റെ ഉത്തരത്തിൽ പറഞ്ഞതുപോലെ ഫാക്ടറിക്കുവേണ്ട ഭൂമി ഗവണ്മെൻറു് കൈവശപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് വളരെ വേഗത്തിൽത്തന്നെ അക്വിസിഷൻ നടപടികളും മുന്നോട്ടു പോകാൻ വേണ്ട നടപടികളും ഗവണ്മെൻറു് എടുത്തുവരികയാണു്.

ശ്രീ. ടി. ഓ. ബാവ : എച്ചു്. എം. ടി. ക്കും, ഓയിൽ റിഫൈനറിക്കു വേണ്ടി ഭൂമി പൊന്നുംവിലയ്ക്കെടുക്കുമ്പോഴും യാതൊരു ന്യായമായ പ്രതിഫലവും മാർക്കറ്റുവിലയുടെ നാലിലൊന്നുപോലും അതിനു് വില കിട്ടുന്നില്ല എന്നുള്ള ആക്ഷേപം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അങ്ങനെ ഒരാക്ഷേപം കിട്ടിയിട്ടില്ല. വില നിശ്ചയിച്ചിട്ടുള്ളതു് അപര്യാപ്തമാണെന്നു് ആക്ഷേപം കിട്ടിയിട്ടുണ്ടു്, നാലിലൊന്നു് എന്ന കണക്കുവച്ചു് ആക്ഷേപം കിട്ടിയിട്ടില്ല. എന്നാലും വില നിശ്ചയിക്കുന്ന കാര്യത്തിൽ ചില മാനദണ്ഡങ്ങളും ഇന്നു സ്വീകരിച്ചുവരുന്നുണ്ടു്. അതനുസരിച്ചാണു് വില നിശ്ചയിച്ചുകൊടുത്തതു്. ഇതേപ്പറ്റി ആക്ഷേപമുണ്ടെങ്കിൽ കോടതിയിൽ പോയി ആക്ഷേപം ബോധിപ്പിക്കുകയാണു പതിവു്.

ശ്രീ. ടി. ഓ. ബാവ : പുറംപോക്കിൽ താമസിക്കുന്ന കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം അവർ സ്ഥലം ഒഴിഞ്ഞുകൊടുക്കുമ്പോൾ അവർക്കു വേറെ സ്ഥലം കൊടുക്കുന്നതുപോലെ ഫാക്ടറിക്കുവേണ്ടി സ്ഥലമെടുത്തിട്ടുള്ളവർക്കും അങ്ങനെയുള്ള എന്തെങ്കിലും സൗകര്യം ചെയ്തുകൊടുക്കാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഈ കാര്യത്തിലും ഗവണ്മെൻറു് ഭൂമിയൽ കൈയേറിപ്പാർക്കുന്നവർക്കു ഭൂമി കൊടുക്കുന്ന തോതുവച്ചു് പ്രതിഫലം കൊടുക്കാൻ നടപടികളും സ്വീകരിക്കുന്നുണ്ടു്.

ശ്രീ. കെ. ആർ. വിജയൻ : എച്ചു്. എം. ടി. ക്കും, ഓയിൽ റിഫൈനറിക്കുംവേണ്ടി ഏതാണ്ടു് 350 ഏക്കർ സ്ഥലം എടുത്തതായിട്ടാണു് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രസ്താവിച്ചുകേട്ടതു്. എന്നാൽ ഒൻപതിനായിരം ഏക്കർ നോട്ടിഫൈ ചെയ്തിട്ടുള്ള സ്ഥിതിക്കു് പല ഉടമകളും ആ വസ്തു കൈകാര്യം ചെയ്യുന്നതിനു് ബുദ്ധിമുട്ടുണ്ടു്. അതുകൊണ്ടു് നോട്ടിഫിക്കേഷനിൽ എന്തെങ്കിലും അയവു വരുത്താൻ ദയവായി നടപടി എടുക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : എച്ചു്. എം. ടി. ക്കുവേണ്ടി 900 ഏക്കറാണു് ആവശ്യമായിട്ടുള്ളതു്. ഇപ്പോഴും നോട്ടിഫിക്കേഷൻ ചെയ്ത ഭൂമി എടുത്തുകൊടുക്കാൻ നിവൃത്തിയായില്ല. അതിനാൽ അയവുവരുത്താൻ പ്രയാസമുണ്ടു്. ഓയിൽ റിഫൈനറിക്കുവേണ്ടി ആദ്യഘട്ടത്തിൽ അറുന്നൂറു് ഏക്കറിലധികം ഭൂമി അവിടെ നോട്ടിഫൈ ചെയ്തുകയുണ്ടായി. അതിൽ ഇരുന്നൂറോളം ഏക്കർ ഭൂമി ഒഴിച്ചുള്ള സ്ഥലങ്ങളിലൊക്കെ നോട്ടിഫിക്കേഷൻ കൊടുത്തി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുണ്ട്. ഈ ഭൂമിയെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിനു കിട്ടിയ ഉപദേശം ഈ ഭൂമിയിൽ ഫൈറോ കെമിക്കൽ വ്യവസായങ്ങളും ഓയിൽ റിഫൈനറിയോടനുബന്ധമായി നടത്തേണ്ടിവരുമെന്നും അതിനു കുറെ സ്ഥലം നീക്കി വയ്ക്കണമെന്നുമാണു്. അതുസംബന്ധമായ നടപടികളാണു് ഇപ്പോഴും നിലവിലുള്ളതു്.

ശ്രീമതി കുസുമം : ഈ 13 കുടുംബങ്ങളെ ഒഴിപ്പിച്ചെന്നു പറഞ്ഞതിൽ കുടികിടപ്പുകാർ ആരെങ്കിലുമുണ്ടോ ; ഉണ്ടെങ്കിൽ അവർക്കു് എന്താണു് പ്രതിഫലം നൽകിയിട്ടുള്ളതു് ?

ശ്രീ. കെ. എ. ദാമോദരമേനോൻ: കുടികിടപ്പുകാരാണോ, ഉടമകളാണോ എന്നുള്ള വിവരം ഇല്ല. ഇന്നത്തെ രൂപനുസരിച്ചു് കൊടുക്കേണ്ടതായ പ്രതിഫലം നൽകിയിട്ടുണ്ടു്.

ശ്രീ. കെ. എം. ജോർജ്ജു് : ഓയിൽ റിഫൈനറിയോടനുബന്ധിച്ചു് ഒരു ഫൈറോ കെമിക്കൽ സ്ഥാപിക്കേണ്ടിവരുമെന്നു മന്ത്രി പറഞ്ഞു. അതു് നേരിയമംഗലത്തു സ്ഥാപിക്കാൻപോകുന്ന ഫൈറോ കെമിക്കൽ ഫാക്ടറിയാണോ, അതോ വേറെയാണോ എന്നുള്ളതു് പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഞാൻ തെറ്റി പറഞ്ഞുപോയതാണു്. ഫൈറോ കെമിക്കലല്ല, പെട്രോ കെമിക്കൽ ഫാക്ടറിയാണു്.

ശ്രീ. ഇ. പി. ഗോപാലൻ : ഓയിൽ റിഫൈനറിയും, എച്ചു്. എം. ടി യുമൊക്കെ തുടങ്ങുന്നതിനുള്ള തടസ്സം സ്ഥലം എടുത്തുകൊടുത്തിട്ടില്ലാത്തതു കൊണ്ടാണെന്നുള്ള ആക്ഷേപം വന്നിരിക്കെ സ്ഥലം എടുത്തുകൊടുക്കുന്ന കാര്യത്തിൽ യാതൊരു കാലതാമസവും വരികയില്ലെന്നു് ഉറപ്പുകൊടുക്കാൻ ഗവണ്മെൻറു് തയാറാകുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഈ സ്ഥലം എടുക്കുന്ന കാര്യത്തിൽ യാതൊരു കാലതാമസം വരുകയില്ലെന്നു ഞാൻ പറഞ്ഞിട്ടുള്ളതാണു്. അതു വീണ്ടും പറയുകയാണു്. കാലതാമസം ഒഴിവാക്കാൻ വേണ്ടിയാണു് 200 ഏക്കറോളം ഭൂമി സ്വമനസാലെ തന്നതു് ഗവണ്മെൻറു് കൈവശപ്പെടുത്തിയിട്ടുള്ളതു്. അകപ്പെയർ ചെയ്യുന്നതിൽ വരുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുള്ള നടപടികളും ഗവണ്മെൻറു് എടുത്തുവരികയാണു്.

ശ്രീ. ഇ. പി. ഗോപാലൻ : ഈ ഓയിൽ റിഫൈനറി ഫാക്ടറി നടത്താനുള്ള നിർദ്ദേശം വന്നിട്ടു് എത്രകൊല്ലമായി ; ഈ കൊല്ലത്തിനിടക്കു് നിയമപരമായി ഭൂമി എടുക്കാൻ കഴിഞ്ഞിട്ടില്ലെന്നാണോ വിശ്വസിക്കേണ്ടതു് ?

ശ്രീ കെ.എ. ദാമോദരമേനോൻ: ഇന്നത്തെ രൂപകം അനുസരിച്ചുകൊണ്ടു് എത്രവേഗത്തിൽ സ്ഥലമെടുക്കാമോ അത്രയും വേഗത്തിൽ സ്ഥലമെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ടു്. ഓയിൽ റിഫൈനറിക്കുവേണ്ടി സ്ഥല നിർണ്ണയത്തിനുവേണ്ടിയുള്ള നിർദ്ദേശം ലഭിച്ചതിനുശേഷം വിദഗ്ദ്ധന്മാർ വന്നു് ഇന്ന പ്രദേശമാണു് അതിനു് യോജിച്ചതെന്നു പറഞ്ഞപ്പോഴുതന്നെ നോട്ടിഫിക്കേഷൻചെയ്തു ഭൂമി എടുക്കുന്നതിനുള്ള നടപടികളും വളരെ വേഗത്തിൽ എടുത്തിട്ടുള്ളതാണു്.

ശ്രീ. കെ. ഹസ്സൻഗനി : എച്ചു്. എം. ടി. ക്കുവേണ്ടി ഒൻപതിനായിരം ഏക്കർ സ്ഥലമെടുത്തതിൽ, അവിടെ താമസിച്ചിരുന്നവരിൽനിന്നു വല്ല പരാതിയും കിട്ടിയിരുന്നോ ; ആ കുടുംബങ്ങൾക്കു് ആവശ്യമായിരുന്ന പല പാലങ്ങളും മറ്റും പണിതുകൊടുക്കണമെന്നു് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ; ഗവണ്മെൻറുവക സ്ഥലം ഉള്ളതു് അവർക്കു് കൊടുക്കാതിരിക്കാൻ കാരണമെന്താണു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ദാമോദരമേനോൻ : അങ്ങനെയുള്ള ആക്ഷേപങ്ങളും പരാതികളും കിട്ടിയിട്ടുണ്ട്. വാസ്തവത്തിൽ ഏതെങ്കിലും ഒരു പ്രദേശത്തു് ഒരു വ്യവസായമോ മറ്റോ സ്ഥാപിക്കാനുള്ള നടപടികളെടുക്കുമ്പോൾ അവിടെനിന്നു് ഒഴിഞ്ഞുപോകേണ്ടി വരുന്നവർ കുറെയൊക്കെ വേദനപ്പെടുന്നതു് സ്വാഭാവികമാണു്. അതുകൊണ്ടു് അവർ ആക്ഷേപം പുറപ്പെടുവിക്കുകയും ചെയ്യും. ഈ പറഞ്ഞ ഭൂമിക്കുവേണ്ടിയിട്ടു് ഗവണ്മെൻറിന്റെ പുറംപോക്കുണ്ടു് എന്നുള്ളതു് ശരിയാണു്, വിദഗ്ദ്ധന്മാർ വന്നു് പരിശോധിച്ചു് ഏതു സ്ഥലമാണു് ഫാക്ടറിക്കാവശ്യമായിട്ടുള്ളതെന്നു് നിശ്ചയിച്ചുകഴിഞ്ഞാൽ സാങ്കേതികമായിട്ടുള്ള കാര്യങ്ങളിൽ അവരെ ഉപദേശിക്കുക എന്നുള്ളതു് ഗവണ്മെൻറിന്റെ ചുമതലയല്ല. അതുകൊണ്ടു് അവർ നിശ്ചയിക്കുന്ന സ്ഥലം എടുത്തുകൊടുക്കുക എന്നതിൽനിന്നു് മാറാൻ ഗവണ്മെൻറിനു സാദ്ധ്യമല്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഗവണ്മെൻറിനു് സ്ഥലമെടുക്കുന്നതിൽ കാലതാമസമില്ലെന്നു പറഞ്ഞു. സ്ഥലമെടുത്തുകൊടുക്കുന്നതു സംബന്ധിച്ചുള്ള പ്രശ്നങ്ങൾ തീർക്കുന്നതിനു വരുന്ന കാലതാമസംകൊണ്ടു്, വിശേഷിച്ചു് സമയത്തു് സ്ഥലമെടുത്തു കൊടുക്കാൻ സാധിക്കുന്നില്ല എന്നുള്ളതു് ഒരു യാഥാർത്ഥ്യമാണു്. ഇതു മനസ്സിലാക്കി സ്ഥലമെടുപ്പു് ഉദ്യോഗസ്ഥന്മാർക്കു വിട്ടുകൊടുക്കാതെ റോക്കറുവിക്ഷേപണകേന്ദ്രത്തിനു സ്ഥലമെടുത്തപ്പോൾ ചെയ്തതുപോലെ ബഹുമാനപ്പെട്ട മന്ത്രിയുടെനേതൃത്വത്തിൽതന്നെ എറണാകുളത്തു ഒരു ഹൈലവൽ കാൺഫറൻസു് വിളിച്ചുകൂട്ടി അവസാന തീരുമാനമെടുക്കുന്നതിനു് ഏർപ്പാടു ചെയ്യുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇക്കാര്യത്തിൽ ഉദ്യോഗസ്ഥന്മാർ വളരെ അനുഭാവപൂർവ്വമാണു് നടപ്പിൽ എടുത്തുവരുന്നതു്. ഒരു കാര്യം എനിക്കു് എല്ലാവരുടേയും ശ്രദ്ധയിൽപ്പെടുത്തുവാനുണ്ടു്. ഈ സ്ഥലമെടുപ്പു സംബന്ധിച്ചുള്ള നടപടികളും പുരോഗമിപ്പിക്കുന്നതിനു് ജനപ്രതിനിധികളുടേയും, നാട്ടുകാരുടേയും പ്രത്യേകിച്ചു് സ്ഥലമെടുക്കുന്നതുകൊണ്ടു് ബുദ്ധിമുട്ടുവരാനിടയുള്ള ആളുകളുടേയും സഹകരണം ആവശ്യമാണു്. ഇപ്പോൾ സാധാരണയായി സ്ഥലമെടുക്കുന്നതിനു് എന്തെങ്കിലും നടപടികൾ സ്വീകരിച്ചുകഴിഞ്ഞാൽ ആ സ്ഥലത്തുനിന്നും ഒഴിഞ്ഞുപോകേണ്ടിവരുന്നവരിൽനിന്നു ആക്ഷേപങ്ങൾ കിട്ടുന്നതു് ഒരു പതിവാണു്. അതുകൊണ്ടു് ഇക്കാര്യത്തിൽ ഇന്നു് ഗവണ്മെൻറിൽനിന്നും അവിടെ പ്രത്യേകം നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരും, കളക്ടറും കൂടി വളരെവേഗത്തിൽതന്നെയാണു് നടപടികൾ എടുത്തുവരുന്നതു്.

ശ്രീ. കെ. എം. ജോർജ്ജു് : ഓയിൽ റിഫൈനറീസു് പുറത്തു വില്ലുവാൻ നിശ്ചയിച്ചിട്ടുള്ള മൊത്തം ഷെയറിൽ വളരെക്കുറച്ചു ഷെയറേ കേരളത്തിനു അലോട്ടു ചെയ്തിട്ടുള്ളു എന്നും, ഷെയറിനു അപേക്ഷിക്കുവാനുള്ള കോറം തന്നെ ഇപ്പോൾ കിട്ടുവാനില്ലെന്നും ഗവണ്മെൻറിനറിയാമോ ; നമ്മുടെ ആളുകൾക്കു് കൂടുതൽ ഷെയർ വാങ്ങുവാനുള്ള സൗകര്യമുണ്ടാക്കുവാൻ ആവശ്യമായ നടപടി എടുക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അതിന്റെ ഷെയറിന്റെ ഒരു ഭാഗം ഇവിടത്തെ ആളുകൾക്കു് കൊടുക്കുന്നതിനു് അലോട്ടുചെയ്തിട്ടുണ്ടു്.

ശ്രീ. കെ. എം. ജോർജ്ജു് : ഷെയറിനുവേണ്ടി അപേക്ഷ കൊടുക്കേണ്ടതു് ഈ 24, 25, 26 തീയതികളിലാണു്. ആ തീയതികളിൽ അപേക്ഷ കൊടുക്കുന്നതിലേക്കു് ആവശ്യമായ അപേക്ഷാഫാറം കിട്ടുവാനില്ലെന്നുള്ളതു് കണക്കിലെടുത്തുകൊണ്ടു് കൂടുതൽ ഷെയർ ഇവിടത്തെ ആളുകൾക്കു് വാങ്ങുവാനുള്ള സൗകര്യം ലഭിക്കുന്നതിനുവേണ്ടി ആവശ്യമായ അപേക്ഷാഫാറം ജനങ്ങൾക്കു കിട്ടുന്നതിനു് നടപടി എടുക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അതെപ്പറ്റി അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. വിശ്വനാഥൻ : ഈ ഓയിൽ റിഫൈനറീസിനു എടുത്ത സ്ഥലമുൾപ്പെടെ എറണാകുളത്തിനു് വടക്കുകിഴക്കുള്ള ഭാഗം ഒരു ഇൻഡസ്ട്രിയൽ ഏരിയായിട്ടു് വികസിപ്പിക്കുവാൻ ഗവണ്മെൻറു നടപടി എടുത്തിട്ടുണ്ടോ ; അവിടെനിന്നു എത്ര ആളുകളെ മാറ്റി താമസിപ്പിക്കുവാൻ സാധിക്കുമെന്നു ഗവണ്മെൻറു വല്ല കണക്കുമെടുത്തിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അതിൻെറ ഒരു കണക്കു് ഇപ്പോഴെൻെറ കൈവശമില്ല.

ശ്രീ.ടി.ഒ. ബാവാ: ഫാക്ടറിയോടു് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും ലാൻഡു അക്വിസിഷനോടു് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും ആവശ്യപ്പെട്ട തനുസരിച്ചു് ഫാക്ടറിക്കാക്കു് അഡ്വാൻസു് പൊസഷൻ കൊടുത്തിരിക്കുകയാണു്. ഈ സ്ഥലം എടുക്കുന്നതിനെസംബന്ധിച്ചുള്ള നടപടികൾ ഒൺവേ ട്രാഫിക്കായിട്ടു പോകാതെ അവിടെ താമസിക്കുന്ന ആളുകളുടെ ബുദ്ധിമുട്ടുകൾകൂടി പരിഗണിച്ചു ഈ പ്രശ്നം പരിഹരിക്കുവാൻ ആവശ്യമായ നടപടിയെടുക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഒൺവേ ട്രാഫിക്കല്ല ടുവേട്രാഫിക്കുണ്ടു്. അവരുടെ സഹകരണം ഇതിന്നാവശ്യമാണു്. അതവർ തരുന്നുമുണ്ടു്. അവർ സ്വയമേവ ഭൂമി ഒഴിയുവാൻ ശ്രമിക്കുന്നുമുണ്ടു്. അതിനെല്ലാവരുടേയും സഹകരണവും ആവശ്യമാണു്.

ഫ്ളീസിംഗു് പ്ലാൻറു്.

* 372. [3] ശ്രീ. ടി. ഒ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിൽ സർക്കാർ സ്ഥാപിച്ചിട്ടുള്ള ഫ്ളീസിംഗു് പ്ലാൻറു് ഏതടിസ്ഥാനത്തിലാണു് വാടകയ്ക്കു കൊടുത്തിട്ടുള്ളതു് ;

(ബി) ടെണ്ടർ വിളിച്ചാണോ നൽകിയതു് ;

(സി) ടെണ്ടർ വിളിച്ചാണെങ്കിൽ കൂടുതൽ തുകയ്ക്കു ടെണ്ടർ നൽകിയവർക്കു കൊടുത്തിട്ടില്ല എന്ന ആക്ഷേപം സർക്കാരിൻെറ ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ;

(ഡി) ടെണ്ടർ നൽകിയവർ എത്ര രൂപ മുൻകൂർ അടയ്ക്കണമെന്നായിരുന്നു വ്യവസ്ഥ ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) ടെണ്ടറിൻെറ അടിസ്ഥാനത്തിലാണു്.

(ബി) ഉവ്വു്.

(സി) ഇല്ല.

(ഡി) ടെണ്ടറോടുകൂടി 500 രൂപ ഏണസ്റ്റുമണിയായി അടയ്ക്കണമെന്നായിരുന്നു വ്യവസ്ഥ.

ശ്രീ. കെ. സി. ഏബ്രഹാം: ഈ കാര്യത്തിൽ മത്സ്യത്തൊഴിലാളികളുടെ സഹകരണസംഘത്തിൽ നിന്നു വല്ല അപേക്ഷയും ക്ഷണിച്ചിരുന്നുവോ? ഉണ്ടെങ്കിൽ അവരുടെ സഹകരണസംഘത്തിനു് ഇതിൽ വല്ല മുൻഗണനയും കൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : അവരുടെ ഒരു സഹകരണസംഘത്തിനു് ഈ പ്ലാൻറു കൊടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly